# തുർക്കിയിൽ ‘ഖുർആന്റെ നിമിഷങ്ങൾ’

**തുർക്കി** റേഡിയോയും ടി.വിയും അവതരിപ്പിച്ചുവരുന്ന ഒരു സ്ഥിരം പരിപാടിയുടെ ശീർഷകമാണ് ‘ഖുർആന്റെ നിമിഷങ്ങൾ’. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ ഖുർആനിക സന്ദേശങ്ങൾ വ്യാപകമായി പ്രചരിപ്പിക്കാൻ മതകാര്യ വകുപ്പ് ആവിഷ്കരിച്ച ബൃഹദ് പദ്ധതിയുടെ ഭാഗമാണീ പരിപാടി. വിശുദ്ധ ഖുർആൻ അവതരിച്ച് പതിനാല് നൂറ്റാണ്ട് തികഞ്ഞത് പ്രമാണിച്ച് തുർക്കി ഗവൺമെന്റ് 2010 ഖുർആൻ വർഷമായി ആചരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഖുർആനികാശയങ്ങളിലധിഷ്ഠിതമായ വൈവിധ്യമാർന്ന കലാ-വൈജ്ഞാനിക പരിപാടികൾ 2010ൽ ഉടനീളം സംഘടിപ്പിച്ചുകൊണ്ടിരിക്കണമെന്നാണ് തീരുമാനം. പ്രബന്ധങ്ങൾ, പ്രഭാഷണങ്ങൾ, വർക്ക്ഷോപ്പുകൾ, പ്രദർശനങ്ങൾ എന്നിവക്കു പുറമെ ഡോക്യുമെന്ററി ഫിലിമുകൾ, ഫോട്ടോ ആൽബങ്ങൾ, സ്ലൈഡുകൾ, ഇസ്‌ലാമിക ധർമശാസ്ത്രം, ചരിത്രം തുടങ്ങിയ വിഷയങ്ങളിലുള്ള ചർച്ചകൾ, പ്രസംഗ-പ്രബന്ധമത്സരങ്ങൾ എന്നിങ്ങനെ ആശയ വിനിയമത്തിന്റെ എല്ലാ ഉപാധികളും ‘ഖുർആന്റെ വർഷാചരണം’ പ്രയോജനപ്പെടുത്തുന്നതായിരിക്കും. ഈ പരിപാടികൾ തുർക്കിയുടെ ഔദ്യോഗികവും അനൗദ്യോഗികവുമായ ചാനലുകളിലും കൂടാതെ സാധ്യമാകുന്ന വിദേശ ചാനലുകളിലും സംപ്രേഷണം ചെയ്യാൻ മതകാര്യ വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. ഒരുവശത്ത് തുർക്കിയിലെ സാധാരണ ജനങ്ങളെ ഖുർആനിക തത്ത്വങ്ങളെയും ഇസ്‌ലാമികാധ്യാപനങ്ങളെയും സംബന്ധിച്ച് ബോധവത്കരിക്കുകയും മറുവശത്ത് ബാഹ്യലോകത്ത്, വിശേഷിച്ചും യൂറോപ്പിൽ ഇസ്‌ലാമിനെക്കുറിച്ച് നിലനിൽക്കുന്ന തെറ്റിദ്ധാരണകൾ ദൂരീകരിക്കുകയും പാശ്ചാത്യ ലോകത്തിന് ഇസ്‌ലാമിനെ തനതായ രൂപത്തിൽ മനസ്സിലാക്കാൻ അവസരമൊരുക്കുകയുമാണ് ഖുർആൻ വർഷാചരണത്തിന്റെ ലക്ഷ്യം.

ഒരുകാലത്ത് മുസ്‌ലിം ലോകത്തിന്റെ നായകത്വം വഹിച്ചിരുന്ന രാജ്യമാണ് തുർക്കി. ഉസ്മാനിയാ ഖിലാഫത്തിന്റെ ആസ്ഥാനം. സാമൂഹിക, സാംസ്കാരിക, വൈജ്ഞാനിക വികസനങ്ങളുടെ കേന്ദ്രം. പിന്നീട് യൂറോപ്യൻ ശക്തികളുടെ സമ്മർദത്തിനു വഴങ്ങി തുർക്കി ആ പദവികൾ സ്വയം നഷ്ടപ്പെടുത്തുകയായിരുന്നു. ഉസ്മാനിയാ ഖിലാഫത്ത് പിഴുതെറിയപ്പെട്ടു. 1923-ൽ അത്താ തുർക്ക് മുസ്ത്വഫാ കമാൽ പാഷ തുർക്കിയെ ഒരു നിർമത രാഷ്ട്രമായി പ്രഖ്യാപിച്ചു. പള്ളികൾ അടച്ചുപൂട്ടി. ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ നിരോധിക്കപ്പെട്ടു. ദീനീ പ്രവർത്തകരും നേതാക്കളും ക്രൂരമായി പീഡിപ്പിക്കപ്പെട്ടു. നിർമതവത്കരിക്കപ്പെട്ട പട്ടാളമാണ് തുർക്കിയിലെ ഏറ്റവും വലിയ അധികാരശക്തി. ഇസ്‌ലാമിന്റെ മൂല്യങ്ങളും ചിഹ്നങ്ങളും ഒന്നൊന്നായി അവർ തുടച്ചുനീക്കി. ഇസ്‌ലാമിനെ തൂത്തെറിഞ്ഞാൽ തുർക്കിക്ക് സാമ്പത്തിക-സാംസ്കാരിക-സൈനിക രംഗങ്ങളിൽ ഇംഗ്ലണ്ടിനും ഫ്രാൻസിനും തുല്യമായ യൂറോപ്യൻ രാജ്യമായിത്തീരാമെന്നായിരുന്നു അവരുടെ മോഹം. പക്ഷേ, കാക്ക നടത്തം പഠിച്ച കഥയെ ഓർമിപ്പിക്കുന്നതായിരുന്നു ഫലം. പൊതുജീവിതം മതമുക്തമായെങ്കിലും ജനഹൃദയങ്ങളിൽ ഇസ്‌ലാം സജീവമായി നിലനിന്നു. ബാങ്കുവിളിയും അറബിഭാഷയും നിരോധിക്കപ്പെട്ടിട്ടും സൈനികത്താവളങ്ങളിൽ വരെ പള്ളികളിൽ നമസ്കാരം തുടർന്നു. മറുവശത്ത് ഇസ്‌ലാമിക പൈതൃകങ്ങളിൽനിന്ന് മുക്തമായ തുർക്കി സാമ്പത്തിക-സാംസ്കാരിക രംഗങ്ങളിൽ അധഃപതിക്കുകയാണുണ്ടായത്. യൂറോപ്യൻ ജനത ആ രാജ്യത്തോട് പുലർത്തുന്ന അസ്പൃശ്യതക്കും അന്യത്വത്തിനും മാറ്റമുണ്ടായതുമില്ല. അവരുടെ ദൃഷ്ടിയിൽ യൂറോപ്പിലെ രോഗിയാണ് തുർക്കി. യൂറോപ്യൻ യൂനിയനിൽ അംഗത്വം ലഭിക്കാൻ അവരിനിയും ഏറെ സഞ്ചരിക്കണം.

ഇതേ തുർക്കി ഇപ്പോൾ വീണ്ടും ഇസ്‌ലാമിക നവോത്ഥാനത്തിന്റെ ദിശയിലേക്ക് മുഖം തിരിക്കുകയാണ്. തുർക്കിയിലെ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് ഏറെ ചാരിതാർഥ്യത്തിന് വകയുള്ള മാറ്റമാണിത്. അവരുടെ നീണ്ട സഹനത്തിന്റെയും ആത്മാർപ്പണത്തിന്റെയും യുക്തിപൂർണമായ ത്യാഗപരിശ്രമങ്ങളുടെയും ഫലമാണീ മാറ്റം. അവർ സ്വീകരിച്ച പ്രവർത്തനശൈലിയിലെ വിട്ടുവീഴ്ചയുടെയും നയതന്ത്രജ്ഞതയുടെയും പാഠങ്ങൾ ഇതര രാജ്യങ്ങളിലെ ഇസ്‌ലാമിക പ്രസ്ഥാനങ്ങളും ശ്രദ്ധിച്ചു പഠിക്കേണ്ടതാണ്. തുർക്കിയിൽ ഇസ്‌ലാമിക പ്രസ്ഥാനത്തിനെതിരെ ഇപ്പോഴും അതിശ

ക്തമായ പാശ്ചാത്യ സമ്മർദമുണ്ട്. എങ്കിലും രാജ്യത്തിന്റെ ഇസ്‌ലാമിക പൈതൃകത്തോട് കൂറ് പുലർത്തുന്ന പ്രസിഡന്റിനും പ്രധാനമന്ത്രിക്കും ഒരളവോളം അതിനെ അവഗണിക്കാൻ കഴിയുന്നു. റിട്ടയർ ചെയ്യുന്ന പഴയ കമാണ്ടർമാരുടെ ഒഴിവിലേക്കെത്തുന്ന പുതിയ സൈനിക കമാണ്ടർമാരുടെ മനോഭാവത്തിലും ഗണ്യമായ മാറ്റം ദൃശ്യമാണ്. ഇസ്‌ലാമിനെ കൈയൊഴിക്കാതെ തന്നെ യൂറോപ്പിന്റെ ഭാഗമായിരിക്കുക എന്ന ലക്ഷ്യത്തോടെയുള്ളതാണ് പുതിയ ഗവൺമെന്റിന്റെ പ്രവർത്തനതന്ത്രം. ഈ നിലപാട് യൂറോപ്യൻ യൂനിയനെക്കൊണ്ട് അംഗീകരിപ്പിക്കാനും അവർ ശ്രമിക്കുന്നു.

2010നെ ഖുർആൻ വർഷമായി പ്രഖ്യാപിച്ച് ആഗോള സമൂഹത്തിൽ ഖുർആനിക സന്ദേശം വിപുലമായി പ്രചരിപ്പിക്കുന്നതിലൂടെ, യൂറോപ്പിന് തുർക്കിയോടുള്ള വിരോധത്തിന്റെ മൂലകാരണമായ ഇസ്‌ലാംവിരുദ്ധ മനോഭാവം വിപാടനം ചെയ്യപ്പെടുമെന്ന് അവർ പ്രതീക്ഷിക്കുന്നു. പാശ്ചാത്യ ലോകം ഇസ്‌ലാമിനെ അതിന്റെ യഥാർഥ രൂപത്തിൽ മനസ്സിലാക്കുകയാണെങ്കിൽ അവരുടെ നിലപാടുകളിലും സമീപനങ്ങളിലും സൃഷ്ടിപരമായ മാറ്റമുണ്ടാകുമെന്നതിൽ തർക്കമില്ല. തുർക്കിക്കു മാത്രമല്ല, മുഴുവൻ മുസ്‌ലിം ലോകത്തിനും അത് പ്രയോജനകരമാവുകയും ചെയ്യും. അതിനാൽ തുർക്കിയുടെ ഖുർആൻ വർഷാചരണത്തിന് സർവവിധ മംഗളങ്ങളും ആശംസിക്കുന്നു. ■